99/DGE/HSE/NSS/2020

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
നാഷണൽ സർവ്വീസ് സ്കീം
ഹയർ സെക്കണ്ടറി വിഭാഗം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ, തിരുവനന്തപുരം
27/10/2020

**<u>സർക്കുലർ</u>**

ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീമിന്റെ കോവിഡ് പ്രതിരോധന പ്രവർത്തനങ്ങൾ തുടരുകയാണ്. ലോക്ഡൗൺ കാലത്ത് വോളണ്ടിയർമാർ ഏറ്റെടുത്ത നിരവധി സേവന പ്രവർത്തനങ്ങളുടെ പിന്തുടർച്ചയായി ഈ വരുന്ന നവംബർ 1 കേരളപ്പിറവി ദിനത്തിൽ സംസ്ഥാന വ്യാപകമായി വോളണ്ടിയർമാർ കോവിഡ് പ്രതിരോധ പ്രതിജ്ഞയെടുക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ബൃഹത്തായ ഈ ക്യാമ്പയിനിൽ പങ്കെടുക്കുന്ന വോളണ്ടിയർമാർക്ക് സർട്ടിഫിക്കറ്റുകളും ലഭ്യമാക്കുന്നതാണ്.

എല്ലാ പ്രോഗ്രാം ഓഫീസർമാരും ഇതു സംബന്ധിച്ച അറിയിപ്പ് വോളണ്ടിയർമാർക്ക് ഉടൻ നൽകേണ്ടതും എൻഎസ്എസ് സെല്ലിൽ നിന്നുള്ള നിർദ്ദേശമനുസരിച്ച് സർട്ടിഫിക്കറ്റുകൾ ഓൺലൈനിൽ ലഭ്യമാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്. താഴെ കൊടുത്തിരിക്കുന്ന പ്രതിജ്ഞ വോളണ്ടിയർമാർ കുടുംബാംഗങ്ങളുമായി ചേർന്ന് ചൊല്ലേണ്ടതും ആയതിന്റെ ഫോട്ടോ പ്രോഗ്രാം ഓഫീസർമാർക്ക് അയച്ചുകൊടുക്കേണ്ടതുമാണ്. കോവിഡ് പ്രതിരോധ ജാഗ്രത തുടരുന്നതിനും സുരക്ഷിതമായ സമൂഹസൃഷ്ടിക്കും വേണ്ടിയുള്ള ഈ പ്രതിജ്ഞയിൽ എൻറോൾമെന്റ് കഴിഞ്ഞ യൂണിറ്റുകളിലെ ഒന്നാം വർഷ വോളണ്ടിയർമാരെയും പങ്കെടുപ്പിക്കാവുന്നതാണ്.

ഒപ്പ്

ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ

## പ്രതിജ്ഞ

കോവിഡ് എന്ന മഹാമാരി നാടിനെ ദുരിതത്തിലാക്കിയ സാഹചര്യത്തിൽ ഇതിനെ പ്രതിരോധിക്കാൻ സർക്കാർ നിർദ്ദേശിച്ചിരിക്കുന്ന സുരക്ഷാമാനദണ്ഡങ്ങൾ ഞാൻ പൂർണ്ണമായും പാലിക്കുമെന്നും എന്റെ വീട്ടിലും നാട്ടിലും കഴിയുംവിധം ഈ സന്ദേശം പ്രചരിപ്പിക്കുമെന്നും മാസ്ക് ശരിയായി ധരിക്കേണ്ടതിന്റെയും സാനിറ്റൈസറും സോപ്പും ഉപയോഗിക്കേണ്ടതിന്റെയും സാമൂഹിക അകലം പാലിക്കേണ്ടതിന്റെയും ആവശ്യകത പരമാവധി ജനങ്ങളിലെത്തിക്കാൻ ഒരു എൻ.എസ്.എസ് വോളണ്ടിയർ എന്ന നിലയിൽ ഞാൻ ശ്രമിക്കുമെന്നും പ്രതിജ്ഞ ചെയ്യുന്നു.